No. CEE/5500/2017/KEAM-2018/TA1

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## KEAM-2018

# മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2018-ലെ സംസ്ഥാനത്തെ എം.ബി.ബി.എസ് & ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **11.08.2018 രാവിലെ 10 മണി** വരെ ഓൺലൈനായി ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിൽ അഖിലേന്ത്യാ

ക്വാട്ടയിൽ പ്രവേശനം നേടിയിരിക്കുന്നവരുടേതായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ലഭ്യമാക്കിയിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ സംസ്ഥാനത്തെ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിൽ പരിഗണിച്ചിട്ടില്ല.

മേൽ വെബ്സൈറ്റിലെ ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് ലഭ്യമാകുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കും. ഈ ഘട്ടത്തിൽ പുതുതായോ മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായോ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **13.08.2018** മുതൽ **17.08.2018** ന് വൈകുന്നേരം **5** മണിയ്ക്കു മുമ്പായി **ഓൺലൈൻ പേയ്മെന്റ്** മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും **ഹെഡ് പോസ്റ്റ് ഓഫീസ്** മുഖാന്തിരമോ ഒടുക്കി അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **17.08.2018** വൈകുന്നേരം **5** മണിയ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്. ഫീസ് ഒടുക്കാവുന്ന പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

ഫീസ്:

- എം.ബി.ബി.എസ് കോഴ്സിന് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടയിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 5 ലക്ഷം രൂപ പ്രവേശന പരീക്ഷാ കമ്മീഷണർക്കും ബാക്കി തുക കോളേജിലും ഒടുക്കേണ്ടതാണ്.
- എം.ബി.ബി.എസ് കോഴ്സിന് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഗവൺമെന്റ്/മൈനോറിറ്റി ക്വാട്ടയിലും ബി.ഡി.എസ് കോഴ്സിന് സ്വാശ്രയ ദന്തൽ കോളേജുകളിലെ ഗവൺമെന്റ്/മൈനോറിറ്റി/എൻ.ആർ.ഐ ക്വാട്ടയിലും അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 1 ലക്ഷം രൂപ പ്രവേശന പരീക്ഷാ കമ്മീഷണർക്കും ബാക്കി തുക കോളേജിലും ഒടുക്കേണ്ടതാണ്.
- സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 1 ലക്ഷം രൂപ പ്രവേശന പരീക്ഷാകമ്മീഷണർക്കും ബാക്കി തുക കോളേജിലും ഒടുക്കേണ്ടതാണ്.
- മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ സർക്കാർ/എയ്ഡഡ് കോളേജുകളിലും, അഗ്രികൾച്ചർ/വെറ്റിനറി/ഫിഷറീസ് യൂണിവേഴ്സിറ്റികൾക്ക് കീഴിലുള്ള കോളേജുകളിലും അലോട്ട്മെന്റ് ലഭിച്ചവർ മുഴുവൻ ഫീസ് തുകയും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കി 17.08.2018 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

ടോക്കൺ ഡെപ്പോസിറ്റ്

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.റ്റി./ഒ.ഇ.സി/രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD. തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ടോക്കൺ ഡെപ്പോസിറ്റായി 1,000/- **രൂപ** അടച്ച ശേഷം **17.08.2018** വൈകുന്നേരം **5** മണിയ്ക്ക് മുൻപായി അലോട്ട്മെന്റ് ലഭിച്ച കോഴ്സിൽ/കോളേജിൽ പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിശ്ചിത സമയത്തിനകം ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) ഒടുക്കി കോളേജിൽ പ്രവേശനം നേടാതിരിക്കുന്ന പക്ഷം അവരുടെ അലോട്ട്മെന്റും നിലവിലുള്ള എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. റദ്ദാക്കപ്പെടുന്ന ഓപ്ഷനുകൾ പിന്നീടുള്ള ഘട്ടങ്ങളിൽ ലഭ്യമാകുന്നതല്ല.

കുറിപ്പ്:

(1) ഈ അലോട്ട്മെന്റ് താത്കാലികവും ബഹു. കേരള ഹൈക്കോടതിയുടെ 21686/2018 നം.റിട്ട് പെറ്റിഷനിന്മേലുള്ള അന്തിമ വിധിയ്ക്ക് വിധേയവുമായിരിക്കും.

**(2) 10.08.2018 തീയതിയിലെ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് മുക്കം കെ.എം.സി.റ്റി മെഡിക്കൽ കോളേജിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളുടെ എണ്ണം 50-ൽ നിന്ന് 60 ആയി ഉയർത്തിക്കൊണ്ട് സീറ്റ് ഘടന പരിഷ്ക്കരിച്ചിട്ടുണ്ട്.**

**(3) സർക്കാർ അംഗീകൃത സീറ്റ് ഘടന ലഭ്യമായിട്ടില്ലാത്തതിനാൽ കോഴിക്കോട് കെ.എം.സി.റ്റി ആയുർവേദ മെഡിക്കൽ കോളേജിലേയ്ക്ക് ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തിയിട്ടില്ല.**

മോപ്പ്-അപ്പ് കൗൺസലിംഗ്:

**17.08.2018 ന് ശേഷം എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ സീറ്റുകൾ ഒഴിവുള്ള പക്ഷം അവ 2018 ആഗസ്റ്റ് 20, 21 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്തുന്ന മോപ്പ്-അപ്പ് കൗൺസലിംഗ് വഴി പ്രവേശന പരീക്ഷാ കമ്മീഷണർ നികത്തുന്നതാണ്. പ്രസ്തുത മോപ്പ്-അപ്പ് കൗൺസിലിംഗിൽ ബി.ഡി.എസ് കോഴ്സിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെ എം.ബി.ബി.എസ് കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റിനായി പരിഗണിക്കുന്നതാണ്. എന്നാൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അഖിലേന്ത്യാ ക്വാട്ടയിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെ മോപ്പ്-അപ്പ് കൗൺസിലിംഗിൽ പങ്കെടുപ്പിക്കുന്നതല്ല. മോപ്പ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.**

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in, www.cee-kerala.org എന്നീ വെബ്സൈറ്റുകളിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471 2339101, 2339102, 2339103, 2339104, 2332123

തിരുവനന്തപുരം
12.08.2018

പ്രവേശന പരീക്ഷാ കമ്മീഷണർ